14/8/2020
FRIDAY

# MALAYALAM
## [Adisthana Paadavali]

STD-X
Class-08

### Assignment

- "ഓരോ വിളിയും കാത്ത്" എന്ന കഥയിലെ അച്ഛന്റെ സ്വഭാവ സവിശേഷതകൾ, കഥയിലെ സ്ഥാനം എന്നിവ വ്യക്തമാക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

Ans) അമ്മയുടെ ഓർമകളിലൂടെ കഥയിൽ ജീവിക്കുന്ന കഥാപാത്രമാണ്
അച്ഛൻ. അല്പം മുൻകോപിയാണ് അദ്ദേഹം. വരെ കിടപ്പിലായപ്പോൾ
പോലും വീടിന്റെ ഓരോ കാര്യത്തിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു.
കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റങ്ങളും കമുകിൻതോട്ടത്തിലൂടെ
രാത്രികാലത്ത് പറന്നുപോകുന്ന വാവലുകളുടെ ചിറകടിയൊച്ചകളും
കിടന്നുകൊണ്ടുതന്നെ അച്ഛൻ അറിഞ്ഞു. പൊരുളില്ലാത്ത സംസാ-
രമെന്ന് തോന്നിയെങ്കിലും മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ
അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു എന്ന് അദ്ദേഹത്തിന്റെ മരണ-
ത്തോടെ മകൻ അറിയുന്നു. കിടക്കുന്നിടത്ത് കിടന്ന് അച്ഛൻ ചോദി-
ക്കുന്ന എല്ലാ ചോദ്യങ്ങൾക്കും അമ്മ മറുപടി നൽകും. നിർദേശങ്ങൾ
അനുസരിക്കും. അമ്മയുടെ മറുപടിക്ക് കാലതാമസമുണ്ടായാൽ
അച്ഛന് ദേഷ്യം വരും. അച്ഛൻ അമ്മയെ ഏറെ സ്നേഹിച്ചിരുന്നു,
പരിഗണിച്ചിരുന്നു. അച്ഛന്റെ വിളികൾക്ക് പിന്നാലെ പോകുമ്പോൾ
അമ്മ ചെറുപ്പത്തിലേക്കു മടങ്ങുകയായിരുന്നു. താനുമായി ബന്ധ-
പ്പെടുന്നവരോടെല്ലാം സ്നേഹപൂർവ്വം പെരുമാറിയിരുന്നു അച്ഛൻ.
അച്ഛൻ മരിച്ചപ്പോൾ വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നു
പോകുന്ന അനുഭവമാണ് ഉണ്ടായത്. അത്രയധികം ആ വീട്ടിലെ
നിറസാന്നിധ്യമായിരുന്നു അച്ഛൻ.